പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2871 — 17.10.2016-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി

| ചോദ്യം<br>ശ്രീ.കെ.ആൻസലൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രാത്രികാലങ്ങളിൽ എത്തുന്ന രോഗികൾക്ക് കാഷ്വാലിറ്റിയിൽ ചെസ്റ്റ്, ഓർത്തോ, സർജറി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. രാത്രികാലങ്ങളിൽ അസിസ്റ്റന്റ് സർജൻ നിലവാരത്തിൽ ഉള്ള ഡോക്ടർമാരുടെ സേവനമാണ് പ്രധാനമായും കാഷ്വാലിറ്റി സേവനം നൽകുന്ന ആശുപത്രികളിൽ നിലവിലുള്ളത്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ലഭിക്കുന്ന 34 ഡോക്ടർമാരുടെ സേവനം ഒരു താലൂക്ക് ആശുപത്രിയുടെ നിലവാരത്തിനനുസരിച്ചുള്ളതാണോ യെന്ന് വിശദമാക്കുമോ; | (ബി) | 34 ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന ആശുപത്രി താലൂക്ക് നിലവാരത്തിന് അനുസരിച്ചുള്ള ആശുപത്രിയാണ്. |
| (സി) | G.O(MS)No.357/09/H&FW, Date 15-10-2009 പ്രകാരം ഒരു ജില്ലാ ആശുപത്രിയ്ക്കാവശ്യമായ ഡോക്ടർമാരെയോ, മറ്റ് വിഭാഗത്തിൽ ഉള്ള ജീവനക്കാരെയോ പ്രസ്തുത ആശുപത്രിയിൽ നിയമിച്ചിട്ടുണ്ടോ; | (സി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ടി ആശുപത്രിയുടെ പദവിക്ക് അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഡി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഉള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ സാധിക്കുമോ? | (ഡി) | തത്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ